"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ്- നഗരകാര്യം- കാസറഗോഡ് ബ്ളോക്ക് പഞ്ചായത്തിൽ ക്ലാർക്ക് തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീ. നസീർ എൻ.എസ് -ന്റെ നിരീക്ഷണകാലയളവ് ദീർഘിപ്പിച്ച്- ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേസസ്വയംഭരണ(ഇയു) വകുപ്പ്**

സ.ഉ.(സാധാ) നം.2949/2025/LSGD തീയതി,തിരുവനന്തപുരം, 12-12-2025

പരാമർശം:- 1. തദ്ദേശസ്വയംഭരണ വകുപ്പ് കാസർഗോഡ് ജില്ലാജോയിന്റ് ഡയറക്ടറുടെ 11.03.2025 തിയതിയിലെ LSGD/JD/KSD/3796/2024-A1 നമ്പർ ഉത്തരവ്.

2. പ്രിൻസിപ്പൽ ഡയറക്ടറുടെ 29.10.2025തിയതിയിലെ LSGD/PD/10657/2025-DEC4 നമ്പർ കത്ത്.

**ഉത്തരവ്**

കേരള മുനിസിപ്പൽ കോമൺ സർവ്വീസിൽ 22.10.1999 ൽ ക്ലാർക്ക് തസ്തികയിൽ സേവനത്തിൽ പ്രവേശിച്ച ശ്രീ. നസീർ എൻ.എസ് ടി തസ്തികയിലെ നിരീക്ഷണകാലയളവ് 21.10.2001 തീയതിയിൽ പൂർത്തിയായിരുന്നുവെങ്കിലും നിരീക്ഷണകാലയളവ് വിജയകരമായി പൂർത്തിയാക്കിയതായി പ്രഖ്യാപിക്കുന്നതിനാവശ്യമായ വകുപ്പുതല പരീക്ഷകൾ പാസ്സായിരുന്നില്ല എന്നതിനാൽ 22.10.2001 മുതൽ 21.10.2002 വരെ പരാമർശം 1 ഉത്തരവ് പ്രകാരം ടിയാന്റെ പ്രൊബേഷൻ ദീർഘിപ്പിച്ചുനൽകിയിട്ടുള്ളതായി പ്രിൻസിപ്പൽ ഡയറക്ടർ അറിയിച്ചിരുന്നു. 24.01.1974 ജനനത്തീയതിയുള്ള ടിയാന് 23.01.2024 ൽ 50 വയസ്സ് പൂർത്തിയായിട്ടുള്ളതിനാൽ വകുപ്പുതല പരീക്ഷകളിൽ നിന്നും സ്ഥിരമായി ഇളവ് നൽകി കൊണ്ട് 23.08.2024ൽ ഉത്തരവായിട്ടുള്ളതായും ആയതിനാൽ ശ്രീ. നസീർ എൻ.എസ്-ന്റെ ക്ലാർക്ക് തസ്തികയിലെ പ്രൊബേഷൻ ടിയാന് 50 വയസ്സ് പൂർത്തിയായ 23.01.2024 തീയതിയുടെ തൊട്ടടുത്ത ദിവസമായ 24.01.2024 പ്രാബല്യത്തിൽ പ്രഖ്യാപിക്കുവാൻ സാധിക്കത്തക്ക തരത്തിൽ പ്രൊബേഷൻ കാലയളവ് 22.10.2002 മുതൽ 25.01.2024 വരെ ദീർഘിപ്പിക്കുന്നതിനായി പരാമർശം 2 പ്രകാരം അപേക്ഷയും അനുബന്ധരേഖകളും അനുകൂലശിപാർശ സഹിതം പ്രിൻസിപ്പൽഡയറക്ടർ സമർപ്പിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള മുനിസിപ്പൽ കോമൺ സർവ്വീസിൽ 22.10.1999 ൽ ക്ലാർക്ക് തസ്തികയിൽ സേവനത്തിൽ പ്രവേശിച്ച ശ്രീ. നസീർ എൻ.എസ്-ന് 23.01.2024 ൽ 50 വയസ്സ് പൂർത്തിയായിട്ടുള്ളതിനാൽ, 24.01.2024 പൂർവ്വാഹനത്തിൽ ടിയാന്റെ പ്രൊബേഷൻ പൂർത്തിയാക്കിയതായി നിയമനാധികാരിക്ക്

പ്രഖ്യാപിക്കുവാൻ സാധിക്കുംവിധം നിരീക്ഷണകാലം, നിയമനാധികാരി ദീർഘിപ്പിച്ചു നൽകിയ തീയതിയുടെ തൊട്ടടുത്ത ദിവസമായ 22.10.2002 മുതൽ പ്രൊബേഷൻ പ്രഖ്യാപിക്കേണ്ടതിന് തൊട്ടടുത്ത ദിവസമായ 25.01.2024 വരെ KS&SSRs, Part II ചട്ടം 21 പ്രകാരം ദീർഘിപ്പിച്ചു ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
LALI K
ജോയിന്റ് സെക്രട്ടറി

തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
ശ്രീ. നസീർ എൻ.എസ്, ക്ലാർക്ക്, കാസറഗോഡ് ബ്ലോക്ക് പഞ്ചായത്ത്
(പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
സെക്രട്ടറി, കാസറഗോഡ് ബ്ലോക്ക് പഞ്ചായത്ത് ( പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Sonu Jacob
Date: 12-12-2025 14:13:06
സെക്ഷൻ ഓഫീസർ